പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1701 | 25.03.2013 ൽ മറുപടിക്ക്

സ്വതന്ത്ര രാഷ്ട്രീയ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരെ പരസ്പരം കൊലപ്പെടുത്തിയിട്ടുണ്ടെന്ന പ്രമുഖരാഷ്ട്രീയ പാർട്ടി നേതാക്കളുടെ പരസ്യ പ്രസ്താവനകൾ, ജനാധിപത്യ പ്രക്രിയയ്ക്കും, സമാധാനപൂർവ്വമായ രാഷ്ട്രീയ പ്രവർത്തനത്തിനും എതിരെ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; | (എ) രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പരസ്യ പ്രസ്താവനകൾ, ജനാധിപത്യ പ്രക്രിയയ്ക്കും, സമാധാന പൂർവ്വമായ രാഷ്ട്രീയ പ്രവർത്തനത്തിനും എതിരെ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് വിലയിരുത്തിയിട്ടില്ല. എന്നാൽ നിയമവാഴ്ചക്കെതിരെയുള്ള പ്രവർത്തികൾ ഉണ്ടാകുമ്പോൾ അതിനെതിരെ നിലിവിലുള്ള നിയമവ്യവസ്ഥയനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) സാധാരണ രാഷ്ട്രീയ പ്രവർത്തകരുടെ ജീവനുനേരെ ഭീഷണി നിലനിർത്തി സ്വതന്ത്ര രാഷ്ട്രീയ പ്രവർത്തനം അട്ടിമറിക്കപ്പെടുന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) രാഷ്ട്രീയപ്രവർത്തകരടക്കമുള്ള പൊതുജനങ്ങളുടെ ജീവനുനേരെ ഭീഷണി ഉളവാകുന്ന അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനും ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥാപിതമായ നിയമമാർഗ്ഗത്തിലൂടെ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്ത നത്തിന് വേദിയാകേണ്ട കലാലയങ്ങ ളെയും വിദ്യാർത്ഥി സമൂഹത്തേയും ഈ കൊലവിളി രാഷ്ട്രീയം ദുഷിപ്പിക്കാ തിരിക്കാൻ ശക്തമായ നടപടികൾ സ്വീ- കരിക്കുമോ? | (സി) | കലാലയങ്ങളെയും വിദ്യാർത്ഥി സമൂഹത്തേയും ദുഷിപ്പിക്കുന്ന നിയമാനുസൃതമല്ലാത്ത എല്ലാ ത്തരം പ്രവർത്തനങ്ങളും തടയുന്ന തിന് നിലവിലുള്ള നിയമവ്യവസ്ഥ കളനുസരിച്ച് ശക്തമായ നടപടി കൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ